മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

(സംഗ്രഹം)

D.Sc. ഓണററി ബിരുദം - റെഗുലേഷൻസ് രൂപീ കരണം - സമിതി രൂപീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി കൊണ്ടുള്ള അക്കാദമിക് കൗൺസിൽ യോഗ തീരുമാനം - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ5 വിഭാഗം**

സ.ഉ.നം.1809 /എ5/ D.Sc./2019/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി:04/06/2019

---

പരാമർശം: 1) പ്രൊഫ. പുളിക്കൽ അജയൻ, പ്രൊഫ.യെവ്സ് ഗ്രോഹൻസ് എന്നിവരെ ഡോക്ടർ ഓഫ് സയൻസ് ഓണററി ഡിഗ്രിക്ക് പരിഗണിക്കുന്നതിനായി ശുപാർശ ചെയ്തു കൊണ്ട് ഡോ. നന്ദകുമാർ കളരിക്കൽ സമർപ്പിച്ച കത്ത്, തീയതി:30/01/2018

2) 29.09.2018-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം. 146/AC.18/185167

3)16/02/2019 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം മിനിട്സ് ഇനം. നം. 73/Ac.19/195014

## ഉത്തരവ്

യു.എസ്. എ. യിലെ റൈസ് സർവ്വകലാശാല പ്രൊഫസ്സർ പുളിക്കൽ അജയൻ, ഫ്രാൻസിലെ സൗത്ത് ബ്രിട്ടാനി സർവകലാശാല പ്രൊഫസ്സർ യെവ്സ് ഗ്രോഹൻസ് (Yves Grohens) എന്നിവരെ ഡോക്ടർ ഓഫ് സയൻസ് ഓണററി ഡിഗ്രിക്ക് പരിഗണിക്കുന്നതിനായി ഡോ. നന്ദകുമാർ കളരിക്കൽ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു. പ്രൊഫസ്സർ പുളിക്കൽ അജയൻ, പ്രൊഫസ്സർ യെവ്സ് ഗ്രോഹൻസ് (Yves Grohens) എന്നിവരുടെ ബയോ ഡാറ്റാ ശുപാർശയ്ക്കൊപ്പം സമർപ്പിച്ചു.ഇവർ രണ്ടുപേരും വിദേശപൗരത്വമുള്ളവരാണ്.

മേൽ പരാമർശിച്ച വ്യക്തികൾക്ക് ഡോക്ടർ ഓഫ് സയൻസ് ഓണററി ഡിഗ്രി നൽകുന്ന വിഷയം വൈസ് ചാൻസലറുടെ 28/05/2018-ലെ ഉത്തരവു പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം വിശിഷ്ട വ്യക്തികൾക്ക് ഓണററി ബിരുദം നൽകുന്ന വിഷയം വിശദമായ പഠനത്തിന് ശേഷം അടുത്ത അക്കാദമിക് കൗൺസിൽ യോഗത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

പരാമർശം (3) പ്രകാരം D.Sc. ഓണററി ബിരുദം നൽകുന്നതിനായി റെഗുലേഷൻസ് രൂപീകരിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ദിലീപ് കുമാർ ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്-III)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. വൈസ് ചാൻസലറുടെ പി.എസ്
2. രജിസ്ട്രാറുടെ പി.എ.
3. ജെ. ആർ. II/ ഡി. ആർ II/എ.ആർ III (അക്കാദമിക്)
4. എസി.സി II
5. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ സി
6. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ